(ബി) ഏതെല്ലാം ഹൈവേകളിലാണ് ഇപ്പോൾ നാലുവരിപ്പാതയുള്ളത്;

(സി) സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 47-ന്റെ മുഴുവൻ ദൂരവും നാലുവരിപ്പാതയാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയപാതകളിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന / ബൈപ്പാസുകളുടെ പണി പുരോഗമിച്ചുവരുന്നു.

(ബി) എൻ.എച്ച്. 47-ൽ ചേർത്തല മുതൽ അങ്കമാലി വരെയുള്ള ഭാഗം നാലു വരിപ്പാതയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എൻ.എച്ച്. 47-ൽ അങ്കമാലി മുതൽ വാളയാർ വരെയുള്ള ഭാഗം നാലുവരിയാക്കുന്നതിന് എൻ.എച്ച്.എ.ഐ. നടപടി സ്വീകരിച്ചു വരുന്നു. ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാത നിർമ്മാണത്തിനുള്ള സാധ്യതാപഠനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പാതയുടെ ബി.ഒ.റ്റി. അടിസ്ഥാനത്തിലുള്ള നിർമ്മാണം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള ഭാഗം എൻ.എച്ച്.ഡി.പി. മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി NHAI-യെ നിർമ്മാണ പ്രവർത്തികൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

റോഡ് വികസനങ്ങൾക്കും മറ്റുമായി എടുത്ത ലോണുകൾ

45 [626] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റോഡു വികസനങ്ങൾക്കും മറ്റുമായി ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എത്രയൊക്കെ തുകകൾ ലോണായി എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും ലോണുകൾ തിരിച്ചടച്ചു തുടങ്ങിയിട്ടുണ്ടോ;

(സി) എടുത്ത ഓരോ ലോണും എപ്പോഴൊക്കെയാണ് തിരിച്ചടച്ചു തുടങ്ങുന്നത് എന്നും എന്തൊക്കെയാണ് തിരിച്ചടവ് വ്യവസ്ഥ എന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നബാർഡിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

2001–2002	–	95.50 കോടി
2002–2003	–	78.79 കോടി
2003–2004	–	113.97 കോടി
2004–2005	–	90.27 കോടി

കെ.എസ്.റ്റി.പി. ക്കുവേണ്ടി ലോക ബാങ്കിൽനിന്നും 1236 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 70% ലോണും 30% സബ്സിഡിയുമാണ്.

(ബി) നബാർഡിൽ നിന്നും എടുത്ത ലോണുകൾ തിരിച്ചടച്ച് തുടങ്ങിയിട്ടുണ്ട്. എന്നാൽ കെ.എസ്.റ്റി.പി. തിരിച്ചടവ് തുടങ്ങിയിട്ടില്ല.

(സി) നബാർഡിൽ നിന്നും എടുത്ത വായ്പ, വായ്പ എടുത്ത തീയതി മുതൽ രണ്ടുവർഷത്തെ ഗ്രേസ് കാലാവധി ഉൾപ്പെടെ ഏഴ് വർഷത്തിനകം അടച്ചു തീർക്കേണ്ടതുണ്ട്. നിലവിലുള്ള പഴയ വായ്പകൾക്ക് 7%വും പുതിയ വായ്പകൾക്ക് 6.5% നിരക്കിലാണ് പലിശ നൽകുന്നത്. ലോകബാങ്കിൽ നിന്നും ലഭിച്ച തുക മാനദണ്ഡങ്ങൾക്കനുസരിച്ച് 2007 ജൂൺ 15 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് തുക തിരിച്ചടയ്ക്കേണ്ടത്.

കേരള റോഡ് വികസന പദ്ധതി

46 [627] *ശ്രീ. ടി. കെ. ദേവകുമാർ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ:
,, *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡു വികസന പദ്ധതി (കെ.എസ്.റ്റി.പി.) നടത്തിപ്പിന്റെ പുരോഗതി വിശദമാക്കുമോ; ഈ പദ്ധതിയുടെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തിയാകുമെന്നും രണ്ടാംഘട്ടം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് കരാർ നൽകിയിട്ടുള്ളത്; പ്രസ്തുത കാലാവധിക്കകം പൂർത്തിയാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാലാവധി നീട്ടുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly